**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4250** **12.11.2019-ൽ മറുപടിക്ക്**

**ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കാൻ നടപടി**

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) (ബി) & (സി) | ഉണ്ട്. ഖനിജ ഇന്ധനങ്ങളുടെ (fossil fuel) ദൗർലഭ്യവും അവ ഉപയോഗിക്കുന്ന വാഹനങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തിലെ ഓസോൺ പാളികൾക്ക് വരുത്തുന്ന ഹാനിയും കണക്കിലെടുത്ത് ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറുവാൻ സംസ്ഥാനം നടത്തുന്ന തയ്യാറെടുപ്പിൽ കെ.എസ്.ഇ.ബി.യും പങ്കാളിയായിട്ടുണ്ട്. ഈ ഉദ്യമത്തിൽ കെ. എസ്. ഇ. ബി. യെ സംസ്ഥാന നോഡൽ ഏജൻസി ആയി സർക്കാർ ചുമതലപ്പെടുത്തി. ആദ്യ ഘട്ടത്തിൽ കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിങ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആണ് ഉദ്ദേശിക്കുന്നത്. കെ. എസ്. ഇ. ബി. യുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ആയതിനു പറ്റിയ സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമമാരംഭിക്കുകയും ചെയ്തു. ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊച്ചി കോഴിക്കോട് എന്നീ നഗരങ്ങളിൽ 64 ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി-യുടെ അധീനതയിലുള്ള 6 കോർപ്പറേഷനിലെ സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരളത്തിലെ ആദ്യ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനുള്ളിൽ കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട സർക്കാർ കേന്ദ്രങ്ങളിൽ ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഡി) | കോതമംഗലം മിനി സിവിൽസ്റ്റേഷൻ കേന്ദ്രീകരിച്ച് ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പൊതുജനങ്ങൾക്ക് സൗകര്യപ്രദമായിട്ട് ഇലക്ട്രിക് ചാർജ്ജ് ചെയ്യുന്നതിനുള്ള സ്ഥല ലഭ്യതയുണ്ടെങ്കിൽ കോതമംഗലം മിനി സിവിൽ സ്റ്റേഷൻ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ